പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6382 11-07-2012 -ൽ മറുപടി നൽകേണ്ടിയിരുന്നത്.

## കള്ളുഷാപ്പുകൾക്ക് അനുമതി നൽകൽ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ : | | ഉത്തരം<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
|---|---|---|
| (എ) കള്ളുഷാപ്പുകൾക്ക് അനുമതി നൽകാനുള്ള അധികാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | കേരള പഞ്ചായത്ത്രാജ് ആക്റ്റ് 232-ാം വകുപ്പും, കേരള മുനിസിപ്പാലിറ്റി ആക്റ്റ് 447-ാം വകുപ്പും ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തീരുമാനം കേരളത്തിലെ കള്ള് ചെത്ത് വ്യവസായ മേഖലയ്ക്കും ആ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ഇല്ല. കേരളത്തിൽ മദ്യ ഉപഭോഗം ക്രമാതീതമായി കൂടുന്നതുമൂലം ഉണ്ടാകാവുന്ന സാമൂഹിക പ്രശ്നങ്ങൾ മുന്നിൽ കണ്ട്, മദ്യഷാപ്പുകളുടെ ക്രമാതീതമായ വർദ്ധനവ് തടയുന്നതിന്, ഭാവിയിൽ മദ്യഷാപ്പുകൾ / ബാറുകൾ അനുവദിക്കുന്നതിൽ നിയന്ത്രണം കൊണ്ടുവരുന്നതിന്, പ്രാദേശികമായുണ്ടാകാവുന്ന പൊതുജനപ്രതിഷേധം കണക്കിലെടുത്ത്, പൊതുജനങ്ങളെ വിശ്വാസത്തിലെടുത്തു മാത്രം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന അനുമതിയുടെ അടിസ്ഥാനത്തിൽ ഷാപ്പുകൾക്ക് അനുമതി നൽകിയാൽ മതിയെന്ന, മദ്യനിരോധന സമിതികളുടെയും, സാമൂഹിക സംഘടനകളുടെയും നിരന്തരമായ ആവശ്യം പരിഗണിച്ചാണ് മദ്യഷാപ്പുകൾക്ക് അനുമതി നൽകാനുള്ള അധികാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ തീരുമാനമെടുത്തിട്ടുള്ളത്. |
| (സി) ബാറുകളും ബാർ ഹോട്ടലുകളും മറ്റ് മദ്യവില്പനശാലകളും സ്ഥാപിക്കുന്നതിനും ഉള്ളവ നിലനിറുത്തുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ടോ; ബാർ ഹോട്ടലുകൾ / കള്ള് ഷാപ്പുകൾ തുടങ്ങുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) | പുതുതായി ബാറുകളും ബാർ ഹോട്ടലുകളും മറ്റ് മദ്യഷാപ്പുകളും സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണ്. എന്നാൽ, 2012 മാർച്ച് 31-ാം തീയതിയിൽ നിലവിലുള്ള അബ്കാരി ഷോപ്പുകൾക്കും പ്രസ്തുത തീയതിക്കുശേഷം എഫ്.എൽ.3 ലൈസൻസ് ലഭിച്ചിട്ടുള്ള പഞ്ചനക്ഷത്ര തരം തിരിവുള്ള ഹോട്ടലുകൾക്കും, റസ്റ്റോറന്റുകൾക്കും ഈ നിബന്ധന ബാധകമല്ല. മദ്യത്തിന്റെ വിപണനത്തിനും, വിതരണത്തിനും എതിരായുള്ള ജനവികാരം പരമാവധി ലഘൂകരിക്കുന്നതിനാണ് ഈ അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. |

സെക്ഷൻ ആഫീസർ